## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2274** **08.05.2017-ൽ മറുപടിക്ക്**

## കായംകുളം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

**ചോദ്യം**

**ശ്രീമതി യു. പ്രതിഭ ഹരി**

(എ) കായംകുളം നിയോജക മണ്ഡലത്തിലെ മുട്ടേൽപാലം, പാർക്ക് ജംഗ്ഷൻ പാലം, തെക്കേടത്ത് - കല്ലുപാലം -കടത്തുകടവ് - വെട്ടിക്കോട്ട് പാലം, കനീസാകടവ് പാലം, മാർക്കറ്റ് പാലം (കായംകുളം), കോയിക്കൽ പടിക്കൽ പാലം, എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) കിഫ്ബിയിൽ പ്രഖ്യാപിച്ച ളുട്ടം വാതുക്കൽകടവ് പാലം (50 കോടി) ഫീസിബിലിറ്റി പഠനത്തിൽ അംഗീകാരം ലഭിക്കാത്തതിനാൽ കായംകുളം എം.എൽ.എ-യുടെ അപേക്ഷ പ്രകാരം ആയത് മാറ്റി വച്ച് പകരം കായംകുളം നിയോജക മണ്ഡലത്തിലെ, എം.എൽ.എ നിർദ്ദേശിച്ച ആറ് പാലങ്ങൾ ഒറ്റ യൂണിറ്റായി എടുത്ത് കിഫ്ബിയിൽ നൽകുവാൻ ആവശ്യപ്പെട്ടിരുന്നു. അതിൽ പാർക്ക് ജംഗ്ഷൻ പാലം (7.2 കോടി), കല്ലുപാലം (1.5 കോടി), കണ്ണിശക്കടവ് പാലം (6.3 കോടി) എന്നീ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾക്കായി പതിനഞ്ച് കോടി രൂപ അധികമായി പൊതുമരാമത്ത് വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തി നൽകുവാൻ ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകുവാൻ 26.04.2017-ലെ മന്ത്രി സഭാ യോഗംതീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ ധനകാര്യ വകുപ്പിനും നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പാർക്ക് ജംഗ്ഷൻ പാലം, കായംകുളം മാർക്കറ്റ് പാലം, കണ്ണീശക്കടവ് പാലം, കോയിക്കൽപടി പാലം എന്നീ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കല്ലുപാലം, മുട്ടേൽപാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മേൽ പറഞ്ഞ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ഡിസൈൻ ചെയ്ത് ഡി.പി.ആർ തയ്യാറാക്കുന്ന മുറയ്ക്ക് മാത്രമേ ഭരണാനുമതി നൽകുവാൻ കഴിയുകയുള്ളൂ.

S. Brinda
സെക്ഷൻ ഓഫീസർ